# ദാനത്തിന്റെ മഹത്വം

■ മുഹ്സിൻ ചീക്കിലോട്

പണ്ട് ബാഗ്ദാദിൽ അമീർ എന്നൊരു രത്നവ്യാപാരി ജീവിച്ചിരുന്നു. വലിയ ദാനശീലനായിരുന്നു അമീർ. മറ്റുള്ളവരെ സഹായിക്കുന്നതാണ് അമീറിന്റെ സന്തോഷം.

പക്ഷേ, അമീറിന്റെ മകനായ സലീമിന് ഇതൊന്നും ഇഷ്ടമായിരുന്നില്ല. അധ്വാനിച്ചുണ്ടാക്കുന്നതിൽനിന്ന് ദാനം ചെയ്തിട്ടെന്തു കാര്യം എന്നായിരുന്നു സലീമിന്റെ ചോദ്യം.

ഒരു ദിവസം രത്നവ്യാപാരം കഴിഞ്ഞു തിരിച്ചുവരികയായിരുന്നു അമീറും സംഘവും. മരുഭൂമിയിൽ വെച്ച് അവർക്ക് വഴി തെറ്റി. സലീം കൂട്ടം തെറ്റി മരുഭൂമിയിലൂടെ അലയാൻ തുടങ്ങി. ഏറെ തിരഞ്ഞിട്ടും കൂട്ടത്തിലുള്ള ആരെയും കണ്ടെത്താൻ സലീമിന് കഴിഞ്ഞില്ല. കടുത്ത ചൂടിൽ തളർന്നുപോയ സലീം ഒരിടത്ത് ബോധമറ്റു വീണു.

കുറേ കഴിഞ്ഞ് കണ്ണ് തുറന്നപ്പോൾ ഒരു ചെറിയ കുടിലിലാണ് താനെന്ന് സലീമിന് മനസ്സിലായി. കൃഷിക്കാരനായ അബ്ദുല്ലയുടെ വീടായിരുന്നു അത്.

''മരുഭൂമിയിൽ തളർന്നു കിടക്കുകയായിരുന്ന നിങ്ങളെ ഞാനാണ് ഇവിടെ കൊണ്ടുവന്നത്. നിങ്ങളുടെ കഴുത പുറത്തുണ്ട്.'' അബ്ദുല്ല പറഞ്ഞു. സലീം നടന്ന സം



ലോകത്തിലെ ആദ്യത്തെ വാക്സിൻ ഏത് രോഗത്തിനെതിരെയുള്ളതായിരുന്നു – വസൂരി

ഭവങ്ങളെല്ലാം അബ്ദുല്ലയോടു പറഞ്ഞു.

അബ്ദുല്ല സലീമിന് വയറുനിറയെ ആഹാരം കൊടുത്തു. അന്നു രാത്രി അവിടെ തങ്ങാനുള്ള സൗകര്യവും ചെയ്തു. പിറ്റേന്ന് രാവിലെ അവിടെ നിന്നു യാത്ര പറഞ്ഞിറങ്ങുമ്പോൾ സലീം അബ്ദുല്ലയോടു ചോദിച്ചു:

''എന്റെ ജീവൻ രക്ഷിച്ചതിന് എന്തു പ്രതിഫലമാണ് ഞാൻ നിങ്ങൾക്ക് നൽകേണ്ടത്?'' ഇത് കേട്ട അബ്ദുല്ല പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: ''എന്തെങ്കിലും പ്രതിഫലം ആഗ്രഹിച്ചല്ല ഞാൻ നിങ്ങളെ സഹായിച്ചത്. ഇനി ഒരു കാര്യം കൂടി കേട്ടോളൂ. താങ്കളുടെ പിതാവായ അമീർ എല്ലാ മാസവും എനിക്കു വേണ്ട ധാന്യങ്ങളും മറ്റും ഇവിടെ എത്തിക്കാറുണ്ട്.''

അതു കേട്ട് സലീം അമ്പരന്നു. പിതാവിന്റെ ദാനശീലത്തെ പുച്ഛിച്ചതോർത്ത് സലീമിന് ലജ്ജ തോന്നി. തിരിച്ചെത്തിയ സലീം പിതാവിനോട് മാപ്പു ചോദിച്ചു. പിന്നീടൊരിക്കലും സലീം ആവശ്യക്കാരെ സഹായിക്കാതിരുന്നിട്ടില്ല.

# ജലാലുദ്ദീൻ റൂമി

■ എ. സി.എം ശാമിൽ, ചുള്ളിപ്പാറ



വിശ്വപ്രസിദ്ധ സൂഫി കവിയാണ് മൗലാനാ ജലാലുദ്ദീൻ മുഹമ്മദ് റൂമി. പതിമൂന്നാം നൂറ്റാണ്ടിൽ (1207) ബഹാവുദ്ദീന്റെ മകനായി അഫ്ഗാനിസ്ഥാനിലെ ബൽബ് പ്രദേശത്ത് ജനിച്ചു. റൂമി കുടുംബം പിന്നീട് തുർക്കിസ്ഥാനിലേക്ക് കുടിയേറി. തുർക്കിയിലെ റൂം എന്നപട്ടണത്തിൽ താമസമാക്കിയതിനാൽ റൂമിക്കാരൻ (റൂമി) എന്ന പേരിൽ പ്രസിദ്ധനായി.

1225-ൽ പത്തൊമ്പതാമത്തെ വയസ്സിൽ റൂമി വിവാഹിതനായി. ജൗഹർ ഖാത്തൂനായിരുന്നു ഭാര്യ. ചെറുപ്പത്തിൽ തന്നെ വിവിധ വിഷയങ്ങളിൽ പണ്ഡിതനായിത്തീർന്ന റൂമി ഇരുപത്തിനാലാം വയസിൽ മതാധ്യാപകനായി. 1244-ൽ വിഖ്യാത സൂഫി തത്വജ്ഞാനിയായ ഷംസുദ്ദീൻ മുഹമ്മദ് തബ്‌രിസിനെ കണ്ടുമുട്ടിയതോടെ സൂഫീജീവിതത്തിലേക്ക് കടന്നുവന്നു. റൂമിയുടെ ജീവചരിത്രകാരന്മാരിൽ പ്രധാനിയായ അഫ്‌ലാക്കിയുടെ അഭിപ്രായത്തിൽ കുട്ടിയായിരിക്കെ റൂമിയെ മറ്റൊരു സൂഫിവര്യനായ ഫരീദുദ്ദീൻ അത്താർ അനുഗ്രഹിച്ചതായി പറയുന്നുണ്ട്.

റൂമിയുടെ കവിതകളും ദർശനങ്ങളും ഒട്ടനവധി ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ അവസാനദശകങ്ങളിൽ, കൃത്യമായി പറഞ്ഞാൽ 1970-നു ശേഷമാണ് നിരവധി റൂമികവിതകളും കഥകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്.

അമേരിക്കയിൽ ഇന്നു വായിക്കപ്പെടുന്ന ഏറ്റവും പ്രശസ്തരായ പ്രാചീന കവികളിലൊരാൾ ജലാലുദ്ദീൻ റൂമിയാണ്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാമിക് ചെയറിൽ പ്രൊഫസറായിരുന്ന ആൻ മേരി ഷിമേൽ റൂമിയെ പുതിയ കാലത്തിന്റെ കാവ്യമണ്ഡലത്തിലേക്ക് എത്തിക്കുകയും റൂമിയുടെ ജീവിതവും കവിതയും കേന്ദ്രീകരിച്ച് രണ്ടു ക്ലാസിക് കൃതികൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രഡറിക് റൂക് എർട്ട് ആണ് ആദ്യത്തെ റൂമിസാഹിത്യം പൂർണ്ണശോഭയിൽ വിവർത്തനം ചെയ്ത ജർമ്മൻ എഴുത്തുകാരൻ. തുടർന്ന് വിവിധ എഴുത്തുകാരിലൂടെ റൂമി പാശ്ചാത്യ ലോകത്തിന് പരിചിതനായി. റൂമിയുടെ ഏറ്റവും പ്രശസ്ത കൃതിയാണ് 'മസ്നവി.' സാഹിത്യ ലോകത്തിന് ഒട്ടേറെ ദാർശനിക സാഹിത്യ സംഭാവനകൾ നൽകിയ അദ്ദേഹം എ.ഡി 1273 ഡിസംബർ 17 തിയ്യതി, 66-ാം വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞു.

ലോകത്തിലെ ആദ്യത്തെ വാക്സിൻ വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞൻ- എഡ്വാർഡ് ജെന്നർ